പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1697

10.02.2020 ൽ മറുപടിയ്ക്ക്

## ഇന്റേണൽ അസസ്മെന്റിന്റെ മിനിമം മാർക്ക് നിബന്ധന വേണ്ടെന്ന തീരുമാനം

*ചോദ്യം*

ശ്രീ.ഷാഫി പറമ്പിൽ

*ഉത്തരം*

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | അടുത്ത അദ്ധ്യയന വർഷം മുതൽ കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെയും സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഇന്റേണൽ അസസ്മെന്റിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് നിബന്ധന വേണ്ടെന്ന് വയ്ക്കുവാൻ തീരുമാനിച്ചിട്ടിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത തീരുമാനം എടുത്തതിന്റെ സാഹചര്യമെന്തായിരുന്നു ;വ്യക്തമാക്കുമോ; | (എ) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിലും കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഇന്റേണൽ അസസ്മെന്റിന് മിനിമം മാർക്ക് ഒഴിവാക്കിയിട്ടുണ്ട്. എം.ജി. സർവകലാശാലയും കേരള സർവകലാശാലയും, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും, കാലിക്കറ്റ് സർവകലാശാലയും ഈ വിഷയത്തിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.<br><br>ബി.ടെക് പാഠ്യ പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ആഭ്യന്തര മൂല്യ നിർണ്ണയത്തിന് മിനിമം മാർക്ക് വേണ്ടെന്ന് എ.പി.ജെ അബ്ദുൾ |

| | | | |
|---|---|---|---|
| | | | കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല തീരുമാനിച്ചത്. യു.ജി കോഴ്സുകളുടെ പരിഷ്കരിച്ച റഗുലേഷൻ പ്രകാരം ഇൻന്റേണൽ അസസ്മെന്റിന് ഇംപ്രൂവ്മെന്റിനുള്ള അവസരമില്ലാത്തതിനാൽ മിനിമം മാർക്ക് എന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടെന്ന് കണ്ണൂർ സർവകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ അക്കാഡമിക് കാര്യങ്ങൾക്കായി അദ്ധ്യാപകർ വിദേശ യാത്ര നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. സർക്കാർ ജീവനക്കാരുടെ വിദേശയാത്ര സംബന്ധിച്ച 16/02/2019 ലെ സ.ഉ.(അച്ചടി)നം. 12/2019/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാരിനോ / വകുപ്പിനോ യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ അധ്യാപകർക്ക് വിദേശ രാജ്യങ്ങളിൽ കോൺഫറൻസുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, റിസേർച്ച് മീറ്റിങ്ങുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിന് സ്ഥാപനമേധാവിയിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങി അപേക്ഷകൾ ഓൺലൈൻ സോഫ്റ്റ് വെയർ ആയ SOAFT |

| | | | |
|---|---|---|---|
| | | | (System for Online Application for Foreign Travel) മുഖാന്തിരം വകുപ്പ് മേധാവിക്ക് നേരിട്ട് സമർപ്പിക്കുന്നതിനും അവ പരിശോധിച്ച് അദ്ധ്യാപകർക്ക് ടി കാര്യങ്ങൾക്ക് വിദേശയാത്രയ്ക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരം 19/08/2019 ലെ സ.ഉ. (സാധാ) നം.1483/2019/ഉ.വി.വ. പ്രകാരം വകുപ്പ് മേധാവിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ